**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3986** **15-07-2022 - ൽ മറുപടിയ്ക്ക്**

**വിലക്കയറ്റം നിയന്ത്രിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | അവശ്യവസ്തു വിപണനരംഗത്ത് സർക്കാർ ഇടപെടലുകൾ ഉണ്ടെങ്കിലും പൊതു വിപണിയിൽ വിലക്കയറ്റം ഉണ്ടാകുന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | നിരന്തരം ഉയരുന്ന ഇന്ധന വില, അതോടൊപ്പം ചരക്ക് കൂലിയിലുണ്ടാവുന്ന വർദ്ധനവ്, ഇക്കാരണങ്ങൾക്ക് പുറമെ, കാലാവസ്ഥാ വ്യതിയാനം മൂലം ഉത്പാദന കേന്ദ്രങ്ങളിൽ ഉണ്ടായിട്ടുള്ള വിളവിന്റെ കുറവ് എന്നിവയാണ് സംസ്ഥാനത്ത് വിലക്കയറ്റത്തിന് ഇടയാക്കുന്നത്. പ്രധാനമായും, പയർ വർഗ്ഗങ്ങൾ, മുളക്, സവാള മുതലായവയുടെ വിലയിൽ സമീപകാലത്ത് കാര്യമായ വിലക്കയറ്റം ഉണ്ടായിട്ടുള്ളതായി കാണുന്നു. അവശ്യ വസ്തുക്കളുടെ കാര്യത്തിൽ, പൂർണ്ണമായും ഉപഭോക്തൃ സംസ്ഥാനമെന്ന നിലയാണ് സംസ്ഥാനത്തിനുള്ളത്. എന്നിരുന്നാലും, കാര്യക്ഷമമായ വിപണി ഇടപെടൽ പ്രവർത്തനങ്ങളിലൂടെ, പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സർക്കാർ നടപടികളെടുത്തിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണി വിലയിൽ നിന്നും 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു. പ്രസ്തുത സബ്സിഡി വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇതിലൂടെ കഴിഞ്ഞ ആറു വർഷങ്ങളിലായി ഏകദേശം 1,956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.<br><br>കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യസാധനങ്ങളും പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ |

| | | | |
|---|---|---|---|
| | | | വിലക്കുറച്ച് പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇതിനു പുറമെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ‘ശബരി’ എന്ന പേരിൽ പൊതു വിപണിവിലയിൽ നിന്നും ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു.<br><br>മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി കോവിഡ് പശ്ചാത്തലത്തിൽ എല്ലാ റേഷൻകാർഡുടമകൾക്കും സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 5600 കോടി രൂപ ചെലവഴിച്ച് 13 തവണകളിലായി 11.5 കോടി കിറ്റുകളാണ് ഇപ്രകാരം നല്കിയത്. കൂടാതെ ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയെക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുണ്ട്. വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചു. ഇവിടെ കേവലം 20/- രൂപ നിരക്കിൽ ഉച്ചഭക്ഷണം ലഭിക്കും. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി അവശ്യവസ്തുക്കളുടെ വില ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ഒരു 'Price Monitoring Cell' സംസ്ഥാനതലത്തിൽ പ്രവർത്തിച്ചു വരുന്നു.<br><br>കൂടാതെ വിലക്കയറ്റം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചു ചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിനും ന്യായവില ഉറപ്പാക്കാനും എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിലും പൊതുവിതരണ വകുപ്പ് സ്വന്തം നിലയിലും ലീഗൽ മെട്രോളജി വകുപ്പുമായി ചേർന്നും പരിശോധനകൾ നടത്തി വരുന്നുണ്ട്. |
| (ബി) | എങ്കിൽ ഇതര സംസ്ഥാന ലോബികളും ഒപ്പം സംസ്ഥാന ലോബികളും മറ്റു വ്യവസായ കുത്തകകളും നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന പക്ഷം അത് കർശനമായി നിയന്ത്രിക്കാനും | (ബി) | നിരന്തരം ഉയരുന്ന ഇന്ധന വില, അതോടൊപ്പം ചരക്ക് കൂലിയിലുണ്ടാവുന്ന വർദ്ധനവ്, ഇക്കാരണങ്ങൾക്ക് പുറമെ, കാലാവസ്ഥാ വ്യതിയാനം മൂലം ഉത്പാദന കേന്ദ്രങ്ങളിൽ ഉണ്ടായിട്ടുള്ള |

| | |
|---|---|
| മാർക്കറ്റിടപെടൽ ശക്തമാക്കി വിപണിവില നിയന്ത്രിക്കാനുമായി വകുപ്പ് സ്വീകരിച്ച വരുന്ന പ്രധാന പ്രവർത്തനങ്ങളും ഇതുമായി ബന്ധപ്പെട്ട് പുതുതായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളും സംബന്ധിച്ച വിശദാംശം നൽകുമോ? | വിളവിന്റെ കുറവ് എന്നിവയാണ് സംസ്ഥാനത്ത് വിലക്കയറ്റത്തിന് ഇടയാക്കുന്നത്. പ്രധാനമായും, പയർ വർഗ്ഗങ്ങൾ, മുളക്, സവാള മുതലായവയുടെ വിലയിൽ സമീപകാലത്ത് കാര്യമായ വിലക്കയറ്റം ഉണ്ടായിട്ടുള്ളതായി കാണുന്നു. അവശ്യ വസ്തുക്കളുടെ കാര്യത്തിൽ, പൂർണ്ണമായും ഉപഭോക്തൃ സംസ്ഥാനമെന്ന നിലയാണ് സംസ്ഥാനത്തിനുള്ളത്. എന്നിരുന്നാലും, കാര്യക്ഷമമായ വിപണി ഇടപെടൽ പ്രവർത്തനങ്ങളിലൂടെ, പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സർക്കാർ നടപടികളെടുത്തിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണി വിലയിൽ നിന്നും 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു. പ്രസ്തുത സബ്സിഡി വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇതിലൂടെ കഴിഞ്ഞ ആറു വർഷങ്ങളിലായി ഏകദേശം 1,956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.<br><br>കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യസാധനങ്ങളും പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇതിനു പുറമെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' എന്ന പേരിൽ പൊതു വിപണിവിലയിൽ നിന്നും ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു.<br><br>മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി കോവിഡ് പശ്ചാത്തലത്തിൽ എല്ലാ റേഷൻകാർഡുടമകൾക്കും സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 5600 കോടി രൂപ ചെലവഴിച്ച് 13 തവണകളിലായി 11.5 കോടി കിറ്റുകളാണ് ഇപ്രകാരം നല്കിയത്. കൂടാതെ ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയെക്കാൾ വിലക്കുറവിൽ |

| | | | |
|---|---|---|---|
| | | | അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുണ്ട്. വിശപ്പ രഹിത കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചു. ഇവിടെ കേവലം 20/- രൂപ നിരക്കിൽ ഉച്ചഭക്ഷണം ലഭിക്കും. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി അവശ്യവസ്തുക്കളുടെ വില ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ഒരു 'Price Monitoring Cell' സംസ്ഥാനതലത്തിൽ പ്രവർത്തിച്ചു വരുന്നു.<br><br>കൂടാതെ വിലക്കയറ്റം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചു ചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിനും ന്യായവില ഉറപ്പാക്കാനും എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിലും പൊതുവിതരണ വകുപ്പ് സ്വന്തം നിലയിലും ലീഗൽ മെട്രോളജി വകുപ്പുമായി ചേർന്നും പരിശോധനകൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ